"ഭരണഭാഷ-മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ശ്രീ.ബി.കെ.ദിനേശ് കുമാറിനെ പ്രിൻസിപ്പൽ ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും വിടുതൽ ചെയ്തുകൊണ്ടുള്ള തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറുടെ നടപടിക്രമത്തിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.2714/2019/തസ്വഭവ** **തിരുവനന്തപുരം, തീയതി, 30.11.2019.**

---

പരാമർശം: 1) സ.ഉ.(കൈ) നം.570/2019/തസ്വഭവ, തീയതി, 27.02.2018.

2) സ.ഉ.(കൈ) നം.1097/2019/തസ്വഭവ, തീയതി, 30.05.2019.

3) തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 30.05.2019-ലെ എ1/04/18/പി.ഡി.-എൽ.എസ്.ജി.ഡി നമ്പർ കത്ത്.

4) തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 30.05.2019-ലെ എ1/04/18/പി.ഡി.-എൽ.എസ്.ജി.ഡി നമ്പർ ഉത്തരവ്.

**ഉത്തരവ്**

പൊതുസർവ്വീസ് രൂപീകരിക്കുന്നതിലേക്കായി തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ പ്രവർത്തനങ്ങളെ സഹായിക്കുന്നതിനായി പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറായിരുന്ന ശ്രീ.ബി.കെ.ദിനേശ് കുമാറിനെ സൂചന (1) ഉത്തരവ് പ്രകാരം പ്രിൻസിപ്പൽ ഡയറക്ടറുടെ കാര്യാലയത്തിൽ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. സൂചന (2) ഉത്തരവ് പ്രകാരം ടിയാന് പഞ്ചായത്ത് ജോയിന്റ് ഡയറക്ടറായി സ്ഥാനക്കയറ്റം ലഭിച്ച് ഉത്തരവായിരുന്നു. ശ്രീ.ബി.കെ.ദിനേശ് കുമാർ തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറുടെ കാര്യാലയത്തിൽ വഹിച്ചിരുന്ന ചുമതലകൾ ആ കാര്യാലയത്തിൽ തന്നെ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ ജോലി നോക്കി വരുന്ന മുൻസിപ്പൽ സെക്രട്ടറി ഗ്രേഡ് II ശ്രീ.ഡി.ജയകുമാറിന് താൽക്കാലികമായി കൈമാറിക്കൊണ്ട് നടപടിക്രമം പുറപ്പെടുവിച്ചിട്ടുണ്ടെന്നും ടി നടപടിക്രമത്തിന് സാധൂകരണം നൽകണമെന്നും തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ സൂചന (3) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറുടെ സൂചന (4) നടപടിക്രമത്തിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**പ്രീത കെ.എസ്.**
**ഡെപ്യൂട്ടി സെക്രട്ടറി**

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, സ്വരാജ് ഭവൻ, നന്തൻകോട്, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ശ്രീ.ബി.കെ.ദിനേശ് കുമാർ, അസിസ്റ്റന്റ് ഡയറക്ടർ ഓഫ് പഞ്ചായത്ത്, തിരുവനന്തപുരം.
(പഞ്ചായത്ത് ഡയറക്ടർ മുഖേന)
ശ്രീ.ജയകുമാർ ഡി., മുനിസിപ്പൽ സെക്രട്ടറി, ചേർത്തല. (നഗരകാര്യ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം/തൃശ്ശൂർ.
ഡയറക്ടർ, വിവര പൊതുജനസമ്പർക്ക വകുപ്പ്, തിരുവനന്തപുരം (ആവശ്യമായ പരസ്യ പ്രചാരണത്തിനായി)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
തദ്ദേശസ്വയംഭരണ (ഇപിബി) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ